പൂപ്പത്തി-മംഗലക്കുളം ലിഫ്റ്റ് ഇറിഗേഷൻ

112 (562) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള മണ്ഡലത്തിലെ പൂപ്പത്തി-മംഗലക്കുളം ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി സ്ഥാപിച്ചിരുന്ന പൈപ്പുകൾ മുഴുവൻ, പദ്ധതി കമ്മീഷൻ ചെയ്തപ്പോൾ പൊട്ടിയതിനാൽ ലക്ഷങ്ങൾ ചെലവഴിച്ച പ്രസ്തുത പദ്ധതി ഇതുവരെ നടപ്പാക്കാൻ കഴിയാത്തകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഗുരുതരമായ ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമെന്ന് നിയമ സഭയിൽ ബഹു. മന്ത്രി പ്രഖ്യാപിച്ചിരുന്നതിന്മേലുള്ള അന്വേഷണ നടപടി എന്തായെന്ന് വ്യക്തമാക്കുമോ ;

(ഡി) 2002-ൽ പൈപ്പിടൽ പൂർത്തീകരിച്ച ഈ പദ്ധതി എന്നാണ് കമ്മീഷൻ ചെയ്തതെന്നും ആയത് വൈകാനുള്ള കാരണവും വെളിപ്പെടുത്താമോ ;

(ഇ) പൂപ്പത്തി-മംഗലക്കുളം ലിഫ്റ്റ് ഇറിഗേഷൻ പ്രാവർത്തികമാക്കുന്നതിന് ഇപ്പോൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) മാള മണ്ഡലത്തിലെ പൂപ്പത്തി-മംഗലക്കുളം ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ സിവിൽ പണികൾ 28-8-2000-ൽ പൂർത്തീകരിച്ചു. 2162 മീറ്റർ നീളത്തിൽ 315 എം.എം. പി.വി.സി. പൈപ്പാണ് സ്ഥാപിച്ചിരിക്കുന്നത്. ഇലക്ട്രിക്കൽ പണികൾ പൂർത്തീകരിച്ച് 28-2-2008-ൽ ട്രയൽ റൺ നടത്തിയപ്പോൾ പൈപ്പിൽ പലഭാഗത്തും ചോർച്ചയുള്ളതായി കണ്ടെത്തി. ആയതിനാൽ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടില്ല.

(ബി) ഉണ്ട്.

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് ജലസേചന വകുപ്പിന്റെ വിജിലൻസ് വിഭാഗം അന്വേഷണം ആരംഭിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാലുടൻ ഇതുസംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പദ്ധതിയുടെ സിവിൽ പണികൾ 2000-ൽ പൂർത്തീകരിച്ചെങ്കിലും ഇലക്ട്രിക്കൽ കണക്ഷൻ നൽകുക, പമ്പ് സ്ഥാപിക്കുക തുടങ്ങിയ ജോലികൾ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗ് വഴി 28-2-2008-ൽ ആണ് പൂർത്തീകരിച്ചത്.

(ഇ) ഈ പദ്ധതിയുടെ പൈപ്പുകൾ മാറ്റി സ്ഥാപിച്ച് പദ്ധതി പ്രാവർത്തികമാക്കുവാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly